(എഫ്) എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, സഫ്ദർജംഗ് എയർപോർട്ട്, ന്യൂ ഡൽഹി എന്ന സ്ഥാപനത്തിൽ നിന്നും നമ്പർ A/19011/2007/2010 EH/592 തീയതി 18-3-2010 പ്രകാരം ടി സ്ഥാപനത്തിന്റെ മാനേജർ ഒപ്പിട്ട പ്രൊഫോർമ 1-4-2010-ൽ മ്യൂസിയം പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ വെരിഫിക്കേഷനായി ലഭിച്ചിട്ടുള്ളതാണ്. ആയത് 03-04-2010-ൽ മ്യൂസിയം പോലീസ് സബ് ഇൻസ്പെക്ടർക്ക് കൈമാറുകയും അന്വേഷണം നടത്തി റിപ്പോർട്ട് ഹാജരാക്കുന്നതിനുവേണ്ടി മ്യൂസിയം പോലീസ് സ്റ്റേഷൻ ASI(Gr) ശ്രീ. സുരേഷ് കുമാറിനെ ചുമതലപ്പെടുത്തിയിരുന്നതും എന്നാൽ ജോബ് വെരിഫിക്കേഷനെക്കുറിച്ചുള്ള പ്രൊഫോർമയെ സംബന്ധിച്ച് അന്വേഷണം നടത്തി പരിചയമില്ലാത്തതിനാൽ ടിയാൻ പ്രൊഫോർമയിലുള്ള വിവരങ്ങൾ യഥാസമയം അന്വേഷണം നടത്താതെ കൈവശം സൂക്ഷിച്ചിട്ടുള്ളതാണ്. സാധാരണ കേന്ദ്ര അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ സ്വഭാവവും പൂർവ്വകാല ചരിത്രവും അന്വേഷണം നടത്തുന്നതിനു വേണ്ടി അതാത് വകുപ്പ് മേധാവികൾ ഉദ്യോഗാർത്ഥിയുടെ പ്രൊഫോർമ അതാത് ജില്ലാ പോലീസ് മേധാവികൾക്ക് റിപ്പോർട്ടിനായി അയച്ചുകൊടുക്കുകയാണ് ചെയ്തുവരുന്നത്. എന്നാൽ പ്രൊഫോർമയുടെ റിപ്പോർട്ട് യഥാസമയം അയച്ചുകൊടുക്കാത്തതിനാൽ ബന്ധപ്പെട്ടവർ ആയതിനെക്കുറിച്ച് അന്വേഷിക്കുകയും തുടർന്ന് 12-11-2010-ൽ മ്യൂസിയം പോലീസ്സ്റ്റേഷനിൽ നിന്നും റിപ്പോർട്ട് തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ച് അസി. കമ്മീഷണർക്ക് അയച്ചുകൊടുക്കുകയും അന്വേഷണ റിപ്പോർട്ട് തയ്യാറാക്കി 16-11-2010-ൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, സഫ്ദർജംഗ് എയർപോർട്ട് ന്യൂ ഡൽഹിക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. സാധാരണയിൽനിന്നും വിഭിന്നമായി പ്രൊഫോർമ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നേരിട്ട് മ്യൂസിയം പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിലേക്ക് അയച്ചുകൊടുത്തതിനാലും ഇതുപോലുള്ള വെരിഫിക്കേഷൻ മ്യൂസിയം പോലീസ് സ്റ്റേഷനിൽ മുൻപ് അന്വേഷിച്ച് പരിചയമില്ലാത്തതിനാലുമാണ് യഥാസമയം റിപ്പോർട്ട് അയയ്ക്കുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ ഉചിതമായ നടപടി യഥാസമയം സ്വീകരിക്കാതിരുന്നതിന്റെ പേരിൽ മ്യൂസിയം പോലീസ് സ്റ്റേഷൻ ASI ശ്രീ. സുരേഷ്കുമാറിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു.

പോലീസ് വാഹനങ്ങളുടെ വിതരണം

80(372) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിലെ മോഡേണൈസേഷന്റെ ഭാഗമായി മൊബിലിറ്റി മെച്ചപ്പെടുത്തുന്നതിനായി വാങ്ങിയ വാഹനങ്ങൾക്കുവേണ്ടി (ജലവാഹനങ്ങൾ ഉൾപ്പെടെ) എന്തുതുക ചെലവഴിച്ചു;

(ബി) വാങ്ങിയ മൊത്തം വാഹനങ്ങളും വിതരണം ചെയ്തുകഴിഞ്ഞോ; എങ്കിൽ വിതരണ മാനദണ്ഡം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയുടെ വിതരണം സംബന്ധിച്ച വിശദവിവരം നല്കാമോ;

(ഡി) ഈ കാലയളവിൽ പഴക്കംചെന്ന എത്ര വാഹനങ്ങൾ കണ്ടം ചെയ്ത് ലേലം ചെയ്തിട്ടുണ്ട്; എന്തുതുക ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

വനിതാ കോൺസ്റ്റബിൾ പുഷ്കലയുടെ നേർക്കുള്ള ഉപദ്രവം

81(373) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ഓഫീസിലെ ഡി.സി.പി.(L/O)-യുടെ ഓഫീസിൽ ജോലി ചെയ്യുന്ന വനിതാ കോൺസ്റ്റബിൾ പുഷ്കലയുടെ നേർക്കോ, അവരുടെ വീടിന് നേർക്കോ ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരിൽ നിന്ന് ഉപദ്രവമോ ശല്യമോ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇവരെ ആക്രമിക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ എഫ്.ഐ.ആർ. കോപ്പിയും വാദിയിൽനിന്നും മൊഴി എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പിയും ലഭ്യമാക്കുമോ;

(സി) പുഷ്കലയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ അതിൽ പറയുന്ന വ്യക്തികളിൽനിന്നും സ്റ്റേറ്റ്മെന്റ് എടുത്തിട്ടുണ്ടോ; ഇവരുടെ മൊഴിയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വ്യക്തികളെ പ്രതി പട്ടികയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആരെയാണ് ഒഴിവാക്കിയതെന്നും അത് എന്തു കൊണ്ടാണെന്നും വ്യക്തമാക്കുമോ;

(ഡി) പുഷ്കലയുടെ മൊഴിയിൽനിന്നും ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായവർക്കുമേൽ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്. എഫ്.ഐ.ആർ-ന്റെയും വാദിയുടെ മൊഴിയുടേയും പകർപ്പുകൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.*

(സി) ശ്രീമതി പുഷ്കലയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ അതിൽ പറയുന്ന വ്യക്തികളുടെ സ്റ്റേറ്റ്മെന്റ് എടുത്തിട്ടുണ്ട്. ആരെയും പ്രതിപ്പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(ഡി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly